(സി) ചെറുതും വലുതുമായ ജലാശയങ്ങൾ ഉൾപ്പെടെ കേരളത്തിലെ ലഭ്യമായ ജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്തി മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടെ മത്സ്യകേരളം പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം ഇപ്പോൾ തന്നെ 530 ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളെയും 61250 കരിമീൻ കുഞ്ഞുങ്ങളേയും 13825 തിരുത കുഞ്ഞുങ്ങളേയും 173 ലക്ഷം ശുദ്ധജല മത്സ്യ/ആറ്റുകൊഞ്ച് കുഞ്ഞുങ്ങളേയും മത്സ്യകർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം മത്സ്യ കർഷകർക്ക് 532.6 ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളേയും വിതരണം നടത്തി. തുടർന്നും നല്ല ഇനം മത്സ്യകുഞ്ഞുങ്ങളെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

'വെസ്സൽട്രാക്കിംഗ്' പദ്ധതി

22 (*652) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 'വെസ്സൽട്രാക്കിംഗ്' പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ചുള്ള നടപടി ഏതുഘട്ടം വരെയായി ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സഹായമുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതിയുടെ നടത്തിപ്പിന് ആകെ എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നു ;

(ഡി) ഈ പദ്ധതി മത്സ്യത്തൊഴിലാളി സമൂഹത്തിന് എത്രത്തോളം ഗുണപ്രദമാകുമെന്ന് വ്യക്തമാക്കുമോ ;

(ഇ) 'വെസ്സൽട്രാക്കിംഗ്' പദ്ധതി എന്ന് യാഥാർത്ഥ്യമാകുമെന്ന് അറിയിക്കുമോ ?

മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ) :

(എ) കേരള സർക്കാർ, നൂതന പദ്ധതിയായ 'വെസ്സൽ ട്രാക്കിംഗ് സിസ്റ്റം' തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ 100 മെക്കനൈസ്ഡ് മത്സ്യബന്ധന യാനങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിന് പൈലറ്റ് പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ആയത് കേന്ദ്ര സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പൈലറ്റ് പദ്ധതിക്ക് 65 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(ഡി) കടൽ വഴിയുള്ള ഭീകര പ്രവർത്തനങ്ങളും മറ്റ് വിധ്വംസക പ്രവർത്തനങ്ങളും നിയന്ത്രിക്കുന്നതിനും കണ്ടുപിടിക്കുന്നതിനും പ്രസ്തുത പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

പ്രയോജനപ്പെടുന്നതാണ്. കടലിൽ അസാധാരണമായി എന്തെങ്കിലും സംഭവങ്ങൾ കാണുമ്പോൾ ടി യന്ത്രം ഘടിപ്പിച്ചുള്ള യാനങ്ങൾക്ക് കരയിലേക്കും അതുവഴി സുരക്ഷാ ഏജൻസികളേയും വിവരം അറിയിക്കാനും അനന്തര നടപടികൾ സ്വീകരിക്കാനും കഴിയും. കൂടാതെ വെസ്സൽ ട്രാക്കിംഗ് സിസ്റ്റം ഘടിപ്പിച്ചുള്ള യാനങ്ങൾ കടലിൽ എവിടെയാണ് എന്ന് ബേസ് സ്റ്റേഷനിൽ നിന്ന് കൊണ്ട് മനസ്സിലാക്കുവാൻ സാധിക്കും. മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാ മുന്നറിയിപ്പ്, മത്സ്യലഭ്യതയുടെ വിവരങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും രാജ്യാന്തര അതിർത്തി കടക്കുമ്പോൾ മത്സ്യത്തൊഴിലാളികൾക്ക് മുന്നറിയിപ്പ് നൽകുന്നതിനും, സാറ്റലൈറ്റിന്റെ സഹായത്തോടുകൂടിയുള്ള ഈ സംവിധാനം വളരെയേറെ പ്രയോജനപ്പെടുന്നതാണ്.

(ഇ) ഈ വർഷം തന്നെ ഈ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഗാർഹിക മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ

23 (*653) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. എ. എം. യൂസഫ് :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. വി. ശശികുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിസര മലിനീകരണം തടയുന്നതിനും പാചക വാതക ദൗർലഭ്യം പരിഹരിക്കുന്നതിനും ഗാർഹിക മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകളുടെ വ്യാപനം ആവശ്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് എത്ര ഗാർഹിക മാലിന്യപ്ലാന്റുകൾ ഇപ്പോൾ ഉണ്ട്; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ ;

(സി) ഏതെങ്കിലും സർക്കാർ ഏജൻസികൾ ഗാർഹിക മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ നിർമ്മിച്ച് നൽകുന്നുണ്ടോ: എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി കൂടുതൽ പ്ലാന്റുകൾ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ ?

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി :)

(എ) ഉണ്ട്.

(ബി) കൃത്യമായ കണക്ക് ലഭ്യമല്ല. എന്നിരുന്നാലും കൃഷിവകുപ്പിൽ നിന്നും ജില്ലാ ശുചിത്വ സമിതികളിൽ നിന്നും ശേഖരിച്ച കണക്ക് അനുസരിച്ച് സംസ്ഥാനത്ത് സബ്സിഡി നൽകി സ്ഥാപിച്ചിട്ടുള്ള 11,717 ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ ഉണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly